"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ല -ഒഞ്ചിയം ഗ്രാമപഞ്ചായത്ത്- ആശ വർക്കർമാർക്ക് അധിക ഓണറേറിയം നൽകുന്നതിന് നൂതന പദ്ധതി ഏറ്റെടുക്കുന്നതിനുള്ള തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1402/2025/LSGD തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-

1. ഒഞ്ചിയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.04.2025 ലെ 1-ാം നമ്പർ തീരുമാനം.
2. ഒഞ്ചിയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.04.2025 ലെ 1-ാം നമ്പർ തീരുമാനം.
3. ഓഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08/04/2025 ലെ SC2/8554/2024 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ 17 ആശാവർക്കർമാർക്ക് പ്രതിമാസം 2500/- രൂപ അധിക ഹോണറേറിയം നൽകുന്നതിനായി തനതു ഫണ്ടിൽ നിന്നും 5,10, 000/- രൂപയ്ക്ക് ഒരു നൂതന പദ്ധതി ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമെടുക്കുകയും ഒരു വാർഡ് മെമ്പറും, പഞ്ചായത്ത് സെക്രട്ടറിയും വിയോജനം രേഖപ്പെടുത്തുകയുണ്ടായി . ടി തീരുമാനം പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ റൂൾ 29(3) പ്രകാരം പുനഃപരിശോധിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റിന് 03/04/2025 തിയതിയിൽ സെക്രട്ടറി രേഖാമൂലം കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം 07/04/2025- ന്ന ചേർന്ന ഭരണസമിതി വീണ്ടും ചർച്ച ചെയ്യുകയും, പരാമർശം (2) ലെ തീരുമാനപ്രകാരം പരാമർശം (1) ലെ തീരുമാനത്തിൽ ഉറച്ചു നിൽക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ടി നിയമാനുസൃതമല്ലാത്ത തീരുമാനം പരിശോധിക്കാൻ പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 1994-ലെ പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടം 191(2) ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം ടി വിഷയം 271-ജി പ്രകാരം രൂപീകരിച്ച ബഹു.

ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും, ചട്ടം 191(4) പ്രകാരം പരാമർശം (1)&(2) ലെ ഭരണ സമിതി തീരുമാനങ്ങൾ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള
ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ഓഞ്ചിയം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി3/176/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 06-06-2025 12:27:39